# സ്നേഹ സുഗന്ധം

എവിടെ നിന്നാണീ സുഗന്ധ-
മീ രാത്രിയിൽ?
എവിടെ നിന്നീ നവ ഗന്ധം?



ഇവിടെ, യഗാധമാം
കുഴികൾക്കു മുകളിലീ
വെൺപട്ടു നൂലിനു മേലേ

തനിയേ നടന്നൊരു
യാത്രയോർമ്മിക്കുവാൻ
കഴിയാതെ ഞാനുറങ്ങുന്നു.

ഒരു തുള്ളിക്കണ്ണുനീർ
വീണുവോ ഞാനർദ്ധ-
ബോധത്തിൽ യാത്രചോദിക്കേ.

ഇനിയെന്നു കാണുമെ-
ന്നറിയാതെ, യീയന്ധ-
കാരത്തിലേയ്ക്കു ഞാൻ താഴ്ന്നു.

തിരികെ വന്നില്ലെങ്കിൽ
നിങ്ങളോർമ്മിക്കുക:
നിങ്ങളെ സ്നേഹിച്ചവൻ ഞാൻ.

എവിടെ നിന്നാണീ സുഗന്ധമെൻ
ചുറ്റിലും?
എവിടെ നിന്നീ വന ഗന്ധം?

ഒരു ചില്ലു ജാലക
വാതിലിൽക്കൂടെ ഞാൻ
അകലേയ്ക്കു നോക്കി ക്കിടന്നു

അതിശൂന്യമാകാശം
അതിശൂന്യമെൻ മനം
അതിശൂന്യമെൻ ചുറ്റുപാടും.

അറിയാമെനിക്കീ സുഗന്ധ–
മെന്നോർമ്മകൾ
മറനീക്കിയെത്തുന്നു വീണ്ടും.

പറയാനറിയാതെ
ഹൃദയത്തിലെവിടെയോ
സൂക്ഷിച്ചു ഞാനീസുഗന്ധം

പറയാനറിയാതെ
നിങ്ങൾക്കു മാത്രമായ്
എന്നുമീ സ്നേഹസുഗന്ധം. ■

Singapore General Hospital
1 Dec 2005